Editor **T.K. Ubaid** Executive Editor **P.A. Nazimudeen**
Sub Editor **Mehd Maqbool**
Layout & Graphics **Alikoya** Technical Support **Fahis Ali**
Cover **Alifsha**
e-mail malarvadimag@gmail.com | **www.malarvadi.net**
Circulation Phone 0495 2732555
Manager Tele 0495 2730073
e-mail managerprabodhanamclt@gmail.com

**മലർവാടി**
**കുട്ടികളുടെ മാസിക**
2017 ജൂൺ, പുസ്തകം 37 ലക്കം 08



# മലർമൊഴി

'അവനവനാത്മ സുഖത്തി-
നാചരിക്കുന്നവ അപരന്ന്
സുഖത്തിനായി വരേണം'.

ശ്രീനാരായണ ഗുരുവിന്റെ ആത്മോപദേശ ശതകത്തിലെ സുപ്രസിദ്ധമായ ഒരു ശ്ലോകമാണിത്. നാം നമ്മുടെ സുഖത്തിനും സന്തോഷത്തിനും വേണ്ടി ചെയ്യുന്ന കാര്യങ്ങളെല്ലാം മറ്റുള്ളവർക്കു കൂടി സുഖവും സന്തോഷവും നൽകുന്ന തരത്തിലുള്ളതായിരിക്കണമെന്ന് ഉപദേശിക്കുകയാണ് ഗുരു. എല്ലാ മതധർമ്മങ്ങളും വ്യത്യസ്ത

ശൈലികളിൽ പഠിപ്പിച്ചിട്ടുള്ളതാണീ പാഠം. സംഘർഷവും സംഘട്ടനവും നിറഞ്ഞ സമകാലിക ജീവിതത്തിൽ ഏറെ പ്രസക്തമാണിത്.

നാം പഠിക്കുന്നത് നമ്മുടെ എന്ന പോലെ നമ്മുടെ ചുറ്റുമുള്ളവരുടെ കൂടി അഭ്യുന്നതിക്കുവേണ്ടിയായിരിക്കുക. നാം ധനം സമ്പാദിക്കുന്നത് നമ്മുടെ എന്ന പോലെ നമ്മുടെ സമൂഹത്തിന്റെയും ക്ഷേമത്തിനുവേണ്ടിയായിരിക്കുക. നമ്മുടെ വളർച്ച സമൂഹത്തിന്റെ കൂടി വളർച്ചയാവുക. ഇതാണ് വീട്ടിലും നാട്ടിലും, സമാധാനവും സന്തോഷവും നിറക്കാനുള്ള ലളിതമായ മാർഗം.

എന്റെ പ്രവർത്തനം നിങ്ങൾക്കും നിങ്ങളുടെ പ്രവർത്തനം എനിക്കും ദോഷകരമാകുമ്പോഴാണ് അസ്വസ്ഥതയും സംഘർഷവും ഉടലെടുക്കുന്നത്. എന്റെ പ്രവർത്തനം നിങ്ങൾക്കും നിങ്ങളുടെ പ്രവർത്തനം എനിക്കും സമാധാനവും സന്തോഷവും പ്രദാനം ചെയ്യുമ്പോൾ മാത്സര്യത്തിനും വൈരത്തിനും കലഹത്തിനും അവസരമില്ലാതാവുന്നു.



അവനവനാചരിക്കുന്നതും അന്യനാചരിക്കുന്നതും പരസ്പരം സുഖം പകരുന്നതാകാൻ നാം മഹത്തായ ഒരു മാനസികയോഗ്യത നേടേണ്ടതുണ്ട്. ഞാൻ, അപരൻ എന്ന ഭേദചിന്തയിൽ നിന്ന് മനസ്സിനെ മുക്തമാക്കുകയാണത്. ഞാനും നീയും ഒന്നാണെന്ന ഭാവമുൾക്കൊള്ളുക. ഈ ഭാവമുറയ്ക്കുന്ന മുറക്ക് എന്റെ സുഖം നിന്റെ സുഖവും എന്റെ ദുഃഖം നിന്റെ ദുഃഖവുമായിത്തീരുന്നു.

നിങ്ങൾ ഒരു ഗാനം ആലപിക്കുന്നത് സ്വന്തം ആത്മനിർവൃതിക്കുവേണ്ടിയും ഒപ്പം അപരന് ശ്രവണസുഖം പകരാനുമാണ്. നിങ്ങളുടെ ഗാനം അപരന് ശ്രവണസുഖം പകരുന്നു എന്നത് നിങ്ങളുടെ സന്തോഷം വർധിപ്പിക്കുന്നു.

നിങ്ങളുടെ കർമം അപരനും അപരന്റെ കർമം നിങ്ങൾക്കും ഈ വിധം സുഖം നൽകുമ്പോൾ ജീവിതം മനോഹരമായ സംഗീതമാകുന്നു. സ്വന്തം ജീവിതം സംഗീതമാക്കാൻ കൂട്ടുകാർ ശ്രമിക്കുമല്ലോ.

• **പത്രാധിപർ**